## പതിമൂന്നാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3260 — 23.03.2015 ൽ മറുപടിക്ക്

### പാലിയേറ്റീവ് കെയർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. സാജു പോൾ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പാലിയേറ്റീവ് കെയർ പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത മേഖലയിൽ സേവനം നടത്തുന്ന നഴ്സുമാരുടെ മാസവേതനം നിലവിൽ എത്ര രൂപയാണ്;<br>(സി) ഇത് വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നുവോ; പ്രഖ്യാപിച്ച നിലയിൽ വേതനം നഴ്സുമാർക്ക് ലഭ്യമായിത്തുടങ്ങിയോ; | (ബി) യും (സി) യും പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് മാസവേതനമല്ല ഹോണറേറിയമാണ് നൽകിയിരുന്നത്. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ 21.02.2015- ലെ സ.ഉ(സാധാ) നം.526/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഹോണറേറിയം നിലവിലുണ്ടായിരുന്ന 6,000/- രൂപയിൽ നിന്നും 10,000/- രൂപയായി വർദ്ധിപ്പിച്ചു നൽകാൻ പഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. വർദ്ധിപ്പിച്ച 4000/- രൂപ അതാത് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നോ, തനത് |

ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണെന്നും പാലിയേറ്റീവ് കെയറിനുവേണ്ടി പദ്ധതി തയ്യാറാക്കി അംഗീകരിച്ചു വേണം ഇക്കാര്യത്തിനുവേണ്ടി ഫണ്ട് ചെലവിടുവാൻ എന്ന് പ്രസ്തുത ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ നിലവിലുള്ള പദ്ധതിയിൽ മാറ്റം വരുത്തി അംഗീകാരം നേടിയോ, പുതിയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയോ മാത്രമേ വർദ്ധിപ്പിച്ച നിലയിലുള്ള വേതനം നഴ്സുമാർക്ക് ലഭ്യമാക്കുവാനാകൂ. ഇതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഡി) പദ്ധതി വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കാമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ